**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 662** **10-02-2025 - ൽ മറുപടിയ്ക്ക്**

**സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ റോഡിലൂടെ കടന്ന് പോവുന്ന കെ.എസ്.ഇ.ബി. വിതരണ ലൈനുകൾ എ ബി സി കേബിളാക്കി അപ്ഗ്രേഡ് ചെയ്യുമ്പോൾ കേബിളിൽ സ്ട്രീറ്റ് മെയിൻ അടക്കമാണോ സ്ഥാപിക്കുന്നത്; അത്തരം ലൈനുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് പദ്ധതി വകയിരുത്തി കെ.എസ്.ഇ.ബി.ക്ക് പണം അടക്കണമെന്ന നിർദേശം നിലവിലുണ്ടോ; | (എ) | ഏരിയൽ ബഞ്ച്ഡ് കേബിളുകൾ (എബിസി) സ്ട്രീറ്റ് മെയിൻ ഉൾപ്പെടെയുള്ളതും അല്ലാത്തവയുമുണ്ട്. നിലവിൽ സ്ട്രീറ്റ് മെയിൻ ഉള്ള സ്ഥലങ്ങളിൽ ആയതിനുള്ള സൗകര്യം ഉള്ള എബിസി ആണ് സ്ഥാപിച്ചു വരുന്നത്. അത്തരം സ്ഥലങ്ങളിൽ വീണ്ടും പണം അടയ്ക്കാൻ കെ.എസ്.ഇ.ബി.എൽ. ആവശ്യപ്പെടാറില്ല. |
| (ബി) | ഗ്രാമ പഞ്ചായത്ത് റോഡിലൂടെയുള്ള കെ.എസ്.ഇ.ബി. ലൈനുകൾ എ ബി സി കേബിളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി കൂടുതൽ പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് റൈറ്റ് ഓഫ് വേ എന്ന പേരിൽ ഗ്രാമ പഞ്ചായത്തിന്റെ അനുമതി വാങ്ങാറില്ല ; ഇത്തരത്തിൽ പരസ്പരം സഹകരിച്ച് കെ എസ് ഇ ബി ക്ക് പ്രത്യേക സാമ്പത്തിക ബാദ്ധ്യത വരാത്ത സാഹചര്യത്തിൽ എ ബി സി കേബിളാക്കി അപ്ഗ്രേഡ് ചെയ്തയിടങ്ങളിൽ ഗ്രാമ പഞ്ചായത്ത് ചെലവിൽ മീറ്റർ സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് വെക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | വൈദ്യുതി ലൈനുകൾ നിലവിലുള്ള റൂട്ടുകളിൽ പോസ്റ്റുകൾ സ്ഥാപിക്കുമ്പോൾ വീണ്ടും റൈറ്റ് ഓഫ് വേ അനുമതി ആവശ്യമുള്ളതല്ല. |
| (സി) | ഗ്രാമീണ റോഡുകളിലൂടെ കെ.എസ്.ഇ.ബി. അധിക ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുമ്പോൾ റോഡിനുണ്ടാകുന്ന റെസ്റ്റോറേഷൻ ചാർജ്ജുകൾ ഗ്രാമ പഞ്ചായത്തിൽ അടവാക്കുന്ന രീതിയോ കെ എസ് ഇ ബി റോഡിന്റെ നിലവില ഉപരിതല സ്ഥിതി അനുസരിച്ച് റെസ്റ്റോറേഷൻ ചെയ്യുന്ന രീതിയോ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം സാഹചര്യം ഒഴിവാക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് പ്രത്യേക നിർദ്ദേശം വകുപ്പ് നൽകുമോ? | (സി) | ഗ്രാമീണ റോഡുകളുടെ അരികിലൂടെയാണ് കെ.എസ്.ഇ.ബി.എൽ. പോസ്റ്റുകൾ സ്ഥാപിക്കുന്നത്. ഇപ്രകാരം സ്ഥാപിക്കുന്ന അധിക പോസ്റ്റുകൾ കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്ന പ്രകാരം റെസ്റ്റോറേഷൻ ചാർജ്ജ് അടയ്ക്കുകയോ റോഡിന്റെ നിലവിലെ ഉപരിതലസ്ഥിതിയനുസരിച്ച് റെസ്റ്റോറേഷൻ ചെയ്തു നൽകി പരിഹരിക്കുകയോ ചെയ്തു പോരുന്നുണ്ട്. ഇക്കാര്യം ഉറപ്പു വരുത്തുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ